# കേരള സർവകലാശാല

എസി.എച്ച്/2023
24.06.2023

**കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2023**

**രണ്ടാം ഘട്ട അലോട്ട്മെന്റ് – നിർദ്ദേശങ്ങൾ**

**കോളേജ് പ്രവേശനം 30.06.2023 മുതൽ 06.07.2023 വരെ**

വിദ്യാർത്ഥികൾക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്സ്‌വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്.

- ഒന്നാം ഘട്ട അലോട്ട്മെന്റ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ സർവകലാശാല അഡ്മിഷൻ ഫീസ് അടയ്ക്കാത്ത വിദ്യാർത്ഥികളെ രണ്ടാം ഘട്ട അലോട്മെന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഒന്നാം ഘട്ട അലോട്ട്മെന്റ് ലഭിച്ച് സർവകലാശാല അഡ്മിഷൻ ഫീസ് അടച്ച വിദ്യാർഥികൾ വീണ്ടും അടക്കേണ്ടതില്ല.
- രണ്ടാം ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിച്ചവർ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് "Click here for Payment" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ ആയി സർവകലാശാല അഡ്മിഷൻ ഫീസ് എത്രയും പെട്ടെന്ന് തന്നെ അടക്കേണ്ടതാണ്.
- അലോട്ട്മെന്റ് ലഭിച്ച് ഒന്നാം ഘട്ടത്തിലോ രണ്ടാം ഘട്ടത്തിലോ സർവകലാശാല അഡ്മിഷൻ ഫീസ് അടച്ച വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ നിന്ന് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ് , കാറ്റഗറി ,അഡ്മിഷൻ തീയതി തുടങ്ങിയ വിവരങ്ങൾ പരിശോധിക്കാവുന്നതാണ് .
- അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് തന്നെ കോളേജിൽ ഹാജരാകേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിക്കോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്
- നിലവിൽ ലഭിച്ച അലോട്മെന്റിൽ തൃപ്തരായ വിദ്യാർഥികൾക്ക് കോളേജിൽ ഹാജരായി അഡ്മിഷൻ ഫീസ് അടച്ച രസീത്, അപ്ലിക്കേഷൻ പ്രിന്റ് ഔട്ട്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ കോളേജിൽ സമർപ്പിച്ച് സ്ഥിര (permanent) അഡ്മിഷൻ എടുക്കാവുന്നതാണ്.

- താത്കാലിക അഡ്മിഷൻ (Temporary Admission): അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഓൺലൈനായി അഡ്മിഷൻ ഫീസ് അടച്ച രസീത്, അപ്ലിക്കേഷൻ പ്രിന്റ് ഔട്ട്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ കോളേജിൽ സമർപ്പിച്ച് താത്കാലിക അഡ്മിഷൻ എടുക്കാവുന്നതാണ്. താത്കാലിക അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾ മറ്റ് ഫീസുകൾ ഒന്നും തന്നെ ഈ ഘട്ടത്തിൽ കോളേജിൽ അടക്കേണ്ടതില്ല. **എന്നാൽ എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ (ഒറിജിനൽ) കോളേജിൽ സമർപ്പിക്കേണ്ടതാണ്** (TC ഉൾപ്പടെ).
- **ഒറിജിനൽ മാർക്ക്ലിസ്റ്റ് ലഭിക്കാത്ത വിദ്യാർഥികൾ ഡിജിലോക്കറിൽ നിന്നും ഡൗൺലോഡ് ചെയ്ത മാർക്ക്ലിസ്റ്റോ, പഠിച്ച സ്കൂളിലെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ മാർക്ക്ലിസ്റ്റിന്റെ കോപ്പിയോ അഡ്മിഷൻ സമയത്ത് ഹാജരാക്കിയാൽ മതിയാകും.**
- വിദ്യാർഥികൾ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷൻസ് നീക്കം ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ പ്രസ്തുത ഓപ്ഷനുകളിലേക്ക് പരിഗണിക്കുകയും സീറ്റ് ലഭിക്കുന്ന പക്ഷം നിർബന്ധമായും ആ ഓപ്ഷൻ സ്വീകരിക്കേണ്ടതുമാണ്.

Sd/-

**രജിസ്ട്രാർ**